
# Athmaraksha.org

പോർനാഗ്രഫി, ദുഷ്ട കൂട്ടുകെട്ടുകൾ

## അന്യമതസ്ഥരുമായി വിവാഹ ബന്ധത്തിലേർപ്പെടരുത്. മിശ്രവിവാഹം പാപമോ?- കടപ്പാട്:റവ.ഫാ.ഡേവിസ് പട്ടത്ത്


എല്ലാത്തരം അധാർമികതയിലും നിന്നു നിന്നെ കാത്തുകൊള്ളുക. നിൻെറ പൂർവികരുടെ ഗോത്രത്തിൽനിന്നു മാത്രം ഭാര്യയെ സ്വീകരിക്കുക. അന്യജനതകളിൽ നിന്നു വിവാഹം ചെയ്യരുത്. നാം പ്രവാചകൻമാരുടെ സന്തതികളാണ്. മകനേ, നമ്മുടെ പൂർവപിതാക്കൻമാരായ നോഹ, അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നിവരെല്ലാം തങ്ങളുടെ ചാർച്ചക്കാരുടെ ഇടയിൽനിന്നാണു ഭാര്യമാരെ തിരഞ്ഞെടുത്തത് എന്ന കാര്യം നീ അനുസ്മരിക്കണം. സന്താനങ്ങൾ വഴി അവർ അനുഗൃഹീതരായി. അവരുടെ പിൻതലമുറദേശം അവകാശമാക്കും (തോബിത് 4:12)

നിന്റെ ആത്മാവിൽ മായാത്ത മുദ്രയായി മാറിയ മാമ്മോദീസയെയും....
നിന്റെ ആത്മാവിന്റെ ഭക്ഷണമായ വിശുദ്ധ കുർബ്ബാനയെയും...
നിനക്ക ജന്മം തന്ന മാതാപിതാക്കളെയും...
വിശുദ്ധ പാരമ്പര്യങ്ങളെയും...തകർത്ത് ക്രിസ്തുവിന്റെ ശരീരമായ തിരുസഭയ്ക്ക് മുറിവേൽപ്പിച്ച് നീ അന്യമതസ്ഥരുമായി വിവാഹബന്ധത്തിലേർപ്പെട്ട് ക്രിസ്തുവാകുന്ന മുന്തിരിച്ചെടിയിൽ നിന്ന് സ്വയം തന്നെ വെട്ടിമാറ്റരുത്.
ലോകത്തിന് ഇത് തെറ്റായി തോന്നില്ല. തെറ്റായി തോന്നില്ലെന്ന് മാത്രമല്ല പുരോഗമന ചിന്തയായും മാന്യതയായും പരിഗണിക്കപ്പെടും. കാരണം അവർക്ക് തിരുവചനം അറിയില്ല.

നിയമാവർത്തനം 7:3-ൽ പറയുന്നു: "അവരുമായി വിവാഹബന്ധത്തിലേർപ്പെടരുത്. നിങ്ങളുടെ പുത്രിമാരെ അവരുടെ പുത്രന്മാർക്ക കൊടുക്കുകയോ അവരുടെ പുത്രിമാരെ നിങ്ങളുടെ പുത്രൻമാർക്ക വേണ്ടി സ്വീകരിക്കുകയോ അരുത്."

തോബിത് 4:12-13 പറയുന്നു:"അന്യജനതകളിൽ നിന്ന വിവാഹം ചെയ്യരുത്. നിന്റെ പൂർവ്വീകരുടെ ഗോത്രത്തിൽ നിന്ന മാത്രം ഭാര്യയെ സ്വീകരിക്കുക. അന്യജനതകളിൽ നിന്ന വിവാഹം ചെയ്യരുത്. നാം പ്രവാചകരുടെ സന്തതികളാണ്. മകേന, നമ്മുടെ പൂർവ്വ പിതാക്കന്മാരായ നോഹ, അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നിവരെല്ലാം തങ്ങളുടെ ചാർച്ചക്കാരുടെ ഇടയിൽ നിന്നാണ് ഭാര്യമാരെ തിരഞ്ഞെടുത്തത് എന്ന കാര്യം നീ സ്മരിക്കണം. സന്താനങ്ങൾ വഴി അവർ അനുഗ്രഹീതരായി. നിന്റെ ജന്മത്തിന്റെ മക്കളിൽ നിന്ന് ഭാര്യയെ സ്വീകരിക്കാതെ അവരെ നിന്ദിക്കരുത്. അഹങ്കാരം വിനാശവും അരാജകത്വവും വരുത്തും."

പുറപ്പാട് 34:15-ൽ പറയുന്നു: "ആ ദേശത്തെ നിവാസികളുമായി നിങ്ങൾ ഉടമ്പടി ചെയ്യരുത്. കാരണം തങ്ങളുടെ ദേവൻമാരെ ആരാധിക്കാനും ബലിയർപ്പിക്കാനും അവർ നിങ്ങളെ ക്ഷണിക്കുകയും അവരുടെ ബലിവസ്തു ഭക്ഷിക്കാൻ നിങ്ങൾക്ക് ഇടയാവുകയും ചെയ്യും. അതിനാൽ അവരുടെ പുത്രിമാരെ,നിങ്ങളുടെ പുത്രൻമാരെ അതിനായി പ്രേരിപ്പിക്കുകയും ചെയ്തെന്ന് വരാം."

1 രാജ 11:2-ൽ പറയുന്നു."നിങ്ങൾ അവരുമായി വിവാഹബന്ധത്തിൽ ഏർപ്പെടരുത്. അവർ നിങ്ങളുടെ ഹൃദയങ്ങളെ തങ്ങളുടെ ദേവൻമാരിലേക്കു വശീകരിച്ചു കളയും എന്ന് അവരെക്കുറിച്ച് കർത്താവ് അരുളി ചെയ്യുന്നു."

ജ്ഞാനിയായ സോളമൻ നശിക്കാൻ കാരണം അന്യ വംശത്തിൽപ്പെട്ട സ്ത്രീകളെ ഭാര്യയായി സ്വീകരിച്ചതുകൊണ്ടാണ്. സോളമൻ അനേകം വിദേശവനിതകളെ പ്രേമിച്ച് അവരെ ഭാര്യമാരായി സ്വീകരിച്ച് അതുമൂലം സോളമനുണ്ടായ തകർച്ച:
പ്രഭാ. 47:19-ൽ പറയുന്നു."സോളമൻ അഭിലാഷങ്ങൾക്കു കീഴ്പ്പെട്ട് സ്ത്രീകൾക്ക് അധീനനായി മിശ്രവിവാഹം കഴിച്ചു."
(1 രാജ 11/1) അതുമൂലം എന്തു സംഭവിച്ചു.
1. സത്കീർത്തിക്ക് കളങ്കം വരുത്തി
2. സന്തതി പരമ്പരയെ മലിനമാക്കി
3. മക്കളെ ക്രോധത്തിന് ഇരയാക്കി
4. മക്കൾക്ക് ദു:ഖകാരണമുണ്ടാക്കി

എസ്രാ 9-ാം അദ്ധ്യായത്തിൽ മിശ്രവിവാഹം നടത്തി വിശുദ്ധജനം അശുദ്ധരായി മാറിയതും എസ്രാ 10-ാം അദ്ധ്യായത്തിൽ എസ്രാ എന്ന പുരോഹിതൻ മിശ്രവിവാഹത്തിന്റെ അശുദ്ധിയിൽ നിന്നു ഇസ്രായേൽ ജനത്തെ വിശുദ്ധീകരിക്കുന്നതായും മിശ്രവിവാഹത്തെ ഓർത്ത് അനുതപിക്കുകയും മിശ്രവിവാഹം ദൈവജനത്തിൽ നിന്ന് അവസാനിപ്പിക്കുകയും ചെയ്യുന്നതായി വിവരിച്ചിരിക്കുന്നു.

യുവജനമേ നിന്റെ ജീവിതത്തിൽ നിനക്കു ജന്മം തന്ന ദൈവവചനത്തെ അനുസരിക്കണമോ, വിശ്വസിക്കണമോ....?. അതോ ദൈവവചനം അറിയാത്ത ലോകത്തെ വിശ്വസിക്കണമോ? അനുസരിക്കണമോ? ചിന്തിക്കുക.

യുവജനമേ
നിങ്ങളിൽ അനന്തമായ സാധ്യതകളുണ്ട്.
നിങ്ങളിൽ അനന്തമായ ദൈവശക്തി
നിക്ഷേപിക്കപ്പെട്ടിരിക്കുന്നു.!!
അനന്തമായ ഊർജ്ജം സംഭരിച്ചുവച്ചിരിക്കുന്ന
ഊർജ്ജ ഉറവിടമാണ് നിങ്ങൾ !!!

അനന്തശക്തിയായ ദൈവത്തോട് ചേർന്നു പ്രവർത്തിച്ചാൽ മാത്രമേ അനന്ത സാധ്യതകളിലേക്ക് ഉയരാൻ സാധിക്കൂ. പാപത്തിന്റെ പന്നിക്കൂട്ടിൽ നിന്ന്, ദുഷിച്ച ബന്ധങ്ങളിൽ നിന്ന് തിരിച്ചു വരിക.

അൾത്താരയിലേക്ക്... ദിവ്യകാരുണ്യത്തിലേക്ക്...
ഭവനത്തിലേക്ക്... മാതാപിതാക്കളുടെ ഹൃദയത്തിലേക്ക്...
സന്ധ്യാപ്രാർത്ഥനയിലേക്ക്.... ഉത്തരവാദിത്വങ്ങളിലേക്ക്...
ആദി വിശുദ്ധിയിലേക്ക് തിരിച്ചു നടക്കൂ... ഉത്സാഹത്തോടെ,

യുവജനമേ,
നിങ്ങൾ അമൂല്യരാണ്.....!
നിങ്ങൾ അതുല്യരാണ്...!
നിങ്ങൾക്കു വിലയുണ്ട്...!
സ്വർഗ്ഗത്തോളം..!
ക്രിസ്തുവോളം...!
ക്രിസ്തുവിന്റെ രക്തത്തോളം....!
ഈ പ്രപഞ്ചത്തോളം വിലയുണ്ട്.
ഈ പ്രപഞ്ചത്തെ മാറ്റി മറിക്കാനുള്ള ശക്തി നിങ്ങളിൽ നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്.

## അറിയുക നിങ്ങളിൽ ഒരു വിശുദ്ധനുണ്ട്.

അന്നക്കുട്ടിയിൽ വി. അൽഫോൻസാമ്മ ഉണ്ടായിരുന്നതുപോലെ...
ഫ്രാൻസിസ്സിൽ വി. ഫ്രാൻസിസ് അസ്സിസ്സി ഉണ്ടായിരുന്നതുപോലെ...
അഗസ്റ്റിനിൽ വി. അഗസ്റ്റിൻ ഉണ്ടായിരുന്നതുപോലെ.....
നിങ്ങളിലും ഒരു വിശുദ്ധനുണ്ട്.
ആ വിശുദ്ധ വ്യക്തിത്വത്തെ ഉണർത്തുക. വളർത്തുക.
11-ാം വയസ്സിൽ വിശുദ്ധയായി തീർന്ന വിശുദ്ധ മരിയഗൊരെത്തിയെപ്പോലെ.....
12-ാം വയസ്സിൽ വിശുദ്ധയായിതീർന്ന വി. ആഗ്നസ്സിനെപ്പോലെ.....
13-ാം വയസ്സിൽ വിശുദ്ധനായിതീർന്ന വി. ജസ്റ്റിനെപ്പോലെ.....
14-ാം വയസ്സിൽ വിശുദ്ധനായി തീർന്ന വിശുദ്ധ ഡൊമിനിക് സാവിയോയെപ്പോലെ....
15-ാം വയസ്സിൽ വിശുദ്ധനായി തീർന്ന വിശുദ്ധ അഗാപിറ്റ്സിനെപ്പോലെ...
16-ാം വയസ്സിൽ വിശുദ്ധയായി തീർന്ന വി. ലൂസിയെപ്പോലെ...
17-ാം വയസ്സിൽ വിശുദ്ധനായി തീർന്ന വി. ജോൺ ബർക്കുമാൻസിനെപ്പോലെ...
23-ാം വയസ്സിൽ വിശുദ്ധനായി തീർന്ന വി. അലോഷ്യസിനെപ്പോലെ....
24-ാം വയസ്സിൽ വിശുദ്ധയായി തീർന്ന വി. കൊച്ചുത്രേസ്യയെപ്പോലെ...

മറ്റനേകം വിശുദ്ധരെപ്പോലെ, രക്തസാക്ഷികളെപ്പോലെ നിന്റെ യൗവ്വനം യുവാവായ യേശുവിനു വേണ്ടി ഒരു കൊടുങ്കാറ്റായി മാറ്റിക്കൂടെ. അതിനുള്ള ആത്മീയ ശക്തി നിന്നിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നു.

## തിരിച്ചറിയൂ..

തിരിച്ചുവരാൻ പറ്റാത്ത വിധത്തിൽ നിങ്ങൾ അകന്നുപോയിട്ടില്ല!
പണിതുയർത്താൻ പറ്റാത്ത വിധത്തിൽ നിങ്ങൾ തകർക്കപ്പെട്ടിട്ടില്ല!
കണ്ടെത്താൻ പറ്റാത്ത വിധത്തിൽ നിങ്ങൾ കാണാതായിട്ടില്ല!
മാനസാന്തരപ്പെടാൻ പറ്റാത്ത വിധത്തിൽ നിങ്ങൾ നശിച്ചിട്ടില്ല!
വീണ്ടെടുക്കാൻ പറ്റാത്ത വിധത്തിൽ ഒന്നും നഷ്ടപ്പെട്ടിട്ടില്ല!
പാപത്തിൽ വീണെന്നു കരുതി നിങ്ങളുടെ മാറ്റ് കുറഞ്ഞിട്ടില്ല!
യേശുവിന് നിങ്ങളിൽ വലിയ വിശ്വാസമുണ്ട്!
തിരുസഭയ്ക്ക് നിങ്ങളിൽ വലിയ പ്രതീക്ഷയുണ്ട്!
നിങ്ങളെ കാത്തിരിക്കുന്ന അനേകായിരങ്ങളുണ്ട്!
നിങ്ങളുടെ വിശുദ്ധമായ കൈവയ്പ്പിനായി ഒരു തലമുറ തന്നെ കാത്തിരിപ്പുണ്ട്.
സുവിശേഷത്തിന്റെ പ്രകാശത്തിൽ നിറയുക.
നന്മയുടെ പ്രവാചകദൗത്യം നെഞ്ചിലേറ്റുക...
അമൂല്യമായ യൗവനം.....
കരുത്താർന്ന യൗവനം....
തിളക്കമാർന്ന യൗവനം...യുവാവായ യേശുവിന് വേണ്ടിയാകട്ടെ.
നിന്റെ ആത്മാവ് ഉടമസ്ഥനുവേണ്ടി ദാഹിക്കട്ടെ

## യുവജനങ്ങളോട് ചാവറ പിതാവ് സംസാരിക്കുന്നു

1. മക്കളെ, നിങ്ങൾ മാതാപിതാക്കളുടെ ദൈവ നിക്ഷേപമാകുന്നു.
2. ദൈവസ്നേഹവും ദൈവഭയവും ഉള്ള മക്കൾ മാതാപിതാക്കളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും.
3. വളരുവാൻ ഭക്ഷണം എന്നതുപോലെ അറിവും വിശുദ്ധിയും ആത്മീയ ഭക്ഷണമാകണം.
4. ചീത്ത പുസ്തകങ്ങൾ സൂക്ഷിക്കുന്നത് വൈക്കോലിൽ തീ ഒളിച്ചു വയ്ക്കുന്നതുപോലെയാകുന്നു. പതിവായി സത്ഗ്രന്ഥങ്ങൾ വായിച്ച് ധ്യാനിക്കുക. അത് ബുദ്ധിയെ പ്രകാശിപ്പിക്കും.
5. നിങ്ങൾ സന്ധ്യക്കു മുമ്പേ വീട്ടിൽ എത്തി സന്ധ്യാനമസ്ക്കാരങ്ങളിൽ പങ്കുചേരണം.
6. പ്രായത്തിനടുത്ത് വസ്ത്രധാരണവും ആത്മവിശുദ്ധിയും ഉള്ളവരാകണം. അമിതമായ വേഷാലങ്കാരം

നിങ്ങളെ തിന്മയിലേക്ക് നയിക്കും.
7. നിങ്ങൾ ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുമ്പോൾ സ്വഭാവഗുണവും ജീവിതമര്യാദകളും ഉള്ളവരെ തിരഞ്ഞെടുക്കുക.
8. നിങ്ങൾ പ്രായത്തിലും, പ്രാപ്തിയും എത്തിയാലും മാതാപിതാക്കൾക്കു കൊടുക്കേണ്ട അംഗീകാരവും, വിധേയത്വവും നല്കണം.
9. നിങ്ങളെ ഓർത്ത് മാതാപിതാക്കൾ കണ്ണീർ വീഴ്ത്താൻ ഇടവരരുത്. അവരെ വേദനിപ്പിച്ചാൽ ഈ ലോകത്തിൽ തന്നെ  നിങ്ങൾ ശിക്ഷ അനുഭവിക്കേണ്ടി വരും.
10. ഏറ്റവും പ്രധാനമായി നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുകയും പരസ്പരം ക്ഷമിക്കുകയും ചെയ്യുവിൻ.

11. ഹൃദയത്തിൽ വളരുന്ന പാപത്തിന്റെ പാഴ്മരങ്ങളെ വെട്ടി വീഴ്ത്താൻ തയ്യാറാകുമോ?
12. ശരിതെറ്റുകൾ തിരിച്ചറിഞ്ഞ് നഷ്ടസ്വർഗ്ഗം കരസ്ഥമാക്കാൻ യുവാക്കളേ ഒന്നു ശ്രമിച്ചുകൂടേ?
13. ആത്മസുഖം നഷ്ടപ്പെടുത്തി അടിമത്വത്തിൽ കഴിയുന്നവരെ ഉണരൂ നന്മയിലേക്ക്.....
14. വളരൂ ദൈവ സ്നേഹത്തിലേക്ക്......